Mathrubhumi 1-12-18, p-8

# തിരിച്ചുവരുന്നേക്കും മാറാവ്യാധികൾ



രോഗാണുക്കളോട് മരുന്ന് തോൽക്കുമ്പോൾ 4

ഷിനില മാത്തോട്ടത്തിൽ

**കഴിഞ്ഞ നൂറ്റാണ്ടുകളിൽ പൂർണമായും മരുന്നുകൾക്ക് കീഴടക്കാനായിരുന്ന അസുഖങ്ങൾ മരണകാരികളായി തിരിച്ചുവരുമെന്നാണ് ആരോഗ്യവിദഗ്ധർ നൽകുന്ന മുന്നറിയിപ്പ്. പെനിസിലിൻ കണ്ടുപിടിക്കുന്നതിനുമുമ്പ് അണുബാധ ചികിത്സിക്കാനാവാതെ ആളുകൾ മരിക്കുന്നതുപോലത്തെ അവസ്ഥ വീണ്ടുമുണ്ടായേക്കും**

**ഫാ**മുകളിൽ ഉത്പാദിപ്പിച്ച മാംസം കഴിക്കുന്നതിലൂടെ കൊളിസ്റ്റിൻ മനുഷ്യശരീരത്തിലേക്കെത്തുന്നുണ്ട്. ഒപ്പം കൊളിസ്റ്റിന്റെ ഉയർന്ന പ്രതിരോധശേഷിയും. ആശുപത്രികളിൽനിന്നും നിലവിൽ പകരുന്ന പല ബാക്ടീരിയകളും നമ്മുടെ ശരീരത്തെ ബാധിക്കാത്തത് ഈ കൊളിസ്റ്റിന്റെ അംശം നമ്മുടെ ശരീരത്തിൽ ഉള്ളതുകൊണ്ടാണെന്നാണ് നിഗമനം. എന്നാൽ, കൊളിസ്റ്റിനെതിരേ ശക്തമായി ബാക്ടീരിയ തിരിച്ചടിക്കുന്നതോടെ മനുഷ്യന് ഈ ആനുകൂല്യവും നഷ്ടപ്പെടും. രോഗാണുക്കളെ നശിപ്പിക്കാൻ കൊളിസ്റ്റിൻ കൊണ്ട് കഴിയാതെ വരും. അതോടെ ഭൂമുഖത്തുനിന്ന് തുടച്ചുനീക്കപ്പെട്ട പല രോഗങ്ങളും പൂർവാധികം ശക്തിയോടെ തിരിച്ചുവരുമെന്ന ആശങ്കയും ഡോക്ടർമാർ പങ്കുവെക്കുന്നു.



## 2050-ഓടെ ദശലക്ഷക്കണക്കിനാളുകളെ സൂപ്പർ ബഗ്ഗുകൾ കൊന്നൊടുക്കുമെന്ന് മുന്നറിയിപ്പ്

▸2050-ഓടെ 25 ലക്ഷത്തോളം ആളുകൾ സൂപ്പർബഗ്ഗുകളുടെ ആക്രമണത്തിൽ മരിക്കുമെന്ന് ഓർഗനൈസേഷൻ ഓഫ് ഇക്കണോമിക് കോ-ഓപ്പറേഷൻ ആൻഡ് ഡെവലപ്മെന്റിന്റെ(ഒ.ഇ.സി.ഡി.) നിർണായക റിപ്പോർട്ട്. 2015-ൽ യൂറോപ്പിൽ 33,000 പേരുടെ ജീവൻ സൂപ്പർബഗ്ഗുകൾ കവർന്നു. ആൻറിബയോട്ടിക് ഉൾപ്പെടെയുള്ള ഔഷധങ്ങളെ പ്രതിരോധിക്കാൻ കഴിയുന്ന സൂക്ഷ്മാണുക്കളുടെ എണ്ണത്തിലെ വർധന 2030-ഓടെ നാലുമുതൽ ഏഴുവരെ മടങ്ങു വർധിക്കും. യൂറോപ്പ്, തെക്കേ അമേരിക്ക, ഓസ്ട്രേലിയ എന്നിവിടങ്ങളിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഒ.ഇ.സി.ഡി.യുടെ റിപ്പോർട്ട്. രോഗാണുബാധയുടെ ചികിത്സയ്ക്കായി ഓരോ രാജ്യങ്ങളും 3.5 ബില്യൺ ഡോളർ ഓരോ കൊല്ലവും ചെലവഴിക്കേണ്ടിവരുമെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

## ആന്റിബയോട്ടിക്കുകളെ പ്രതിരോധിക്കുന്ന രോഗാണുക്കൾ

എല്ലാ ബാക്ടീരിയയും പ്രതിരോധശേഷിയാർജിക്കുന്നുണ്ട്. പ്രയോഗിക്കുന്ന മരുന്നിന്റെ അളവും ശക്തിയുമനുസരിച്ചായിരിക്കും ഇവയുടെ പ്രതിരോധശേഷി. ആൻറിബയോട്ടിക്കുകളെ പ്രതിരോധിക്കുന്നതായി കണ്ടെത്തിയ ചില ബാക്ടീരിയ ഇവയൊക്കെയാണ്:-

### 01 സ്റ്റഫൈലോകോക്കസ് ഒറിയസ് (എം.ആർ.എസ്.എ.) (Staphylococcus aureus)

പെനിസിലിൻ വിഭാഗത്തിൽപെട്ട പല മരുന്നുകളെയും പ്രതിരോധിക്കാൻ ശേഷിയാർജിച്ച ബാക്ടീരിയയാണ് സ്റ്റഫൈലോകോക്കസ് ഒറിയസ്. ഏറ്റവും അപകടകാരികളായ ബാക്ടീരിയയുടെ പട്ടികയിലുള്ളതാണിത്. തൊലിപ്പുറത്തെ അസുഖങ്ങൾ മുതൽ മരണകാരിയായ ന്യുമോണിയ, മെനിൻജൈറ്റിസ് തുടങ്ങിയ അസുഖങ്ങൾക്കുവരെ ഈ ബാക്ടീരിയ കാരണമാകുന്നുണ്ട്. മനുഷ്യനിൽനിന്ന് മനുഷ്യനിലേക്ക് പടരുന്നവയാണിവ. സ്റ്റഫൈലോകോക്കസ് മരുന്നുകൾക്ക് നിയന്ത്രണവിധേയമായിരുന്നെങ്കിലും 1960-'80 കാലഘട്ടത്തിൽതന്നെ ഇവ ആൻറിബയോട്ടിക്കുകൾക്കെതിരേ പ്രതിരോധശേഷി നേടിയതായി കണ്ടെത്തിയിട്ടുണ്ട്. ഇക്കാലയളവിൽ ബ്രിട്ടനിലെ ആശുപത്രികളിൽനിന്നു ശേഖരിച്ച 80 ശതമാനം സാമ്പിളുകളിൽ നടത്തിയ പരിശോധനയിലാണ് ഇതു വ്യക്തമായത്.

### 02 ബുർഖോൽഡെറിയ സിഫാസിയ (Burkholderia cepacia)

ന്യുമോണിയയ്ക്കു കാരണമാകുന്ന ബുർഖോൽഡെറിയ സിഫാസിയ എന്ന ബാക്ടീരിയ മരുന്നുകൾക്കെതിരേ പ്രതിരോധശേഷി ആർജിച്ചവയാണ്. ചികിത്സാവേളകളിൽ ബാക്ടീരിയകളെ തുരത്താൻ തീവ്രതയേറിയ മരുന്നുകൾ പ്രയോഗിക്കുകയാണ് ഡോക്ടർമാർ ഇപ്പോൾ ചെയ്യുന്നത്.

### 03 സ്യൂഡോമൊണാസ് ഏറുജിനോസ (Pseudomonas aeruginosa)

ന്യുമോണിയ, പലതരത്തിലുള്ള അണുബാധകൾ എന്നിവയ്ക്ക് കാരണമാകുന്ന ബാക്ടീരിയയാണിത്. 'അവസരവാദിയായ' ബാക്ടീരിയ എന്നാണ് ഇതിനെ പൊതുവേ വിളിക്കുന്നത്. എയ്ഡ്സ്, അർബുദം, ശ്വാസകോശാസുഖങ്ങൾ എന്നിവയുടെ ചികിത്സാവേളയിലാണ് ഈ ബാക്ടീരിയയുടെ ആക്രമണം ഏറ്റവും കൂടുതലുണ്ടാകുന്നത്. നിലവിൽ മനുഷ്യജീവന് ഭീഷണിയല്ലെങ്കിലും പൂർണമായും നിയന്ത്രണവിധേയമാക്കാനായില്ലെങ്കിൽ ഭാവിയിൽ അപകടസാധ്യതയുണ്ടെന്നാണ് വിദഗ്ധരുടെ മുന്നറിയിപ്പ്.

### 04 ക്ലോസ്ട്രിഡിയം ഡിഫിസിൽ (Clostridium difficile )

ആശുപത്രികളിലെ സ്ഥിരസാന്നിധ്യമാണ് ക്ലോസ്ട്രിഡിയം ഡിഫിസിൽ ബാക്ടീരിയ. ചികിത്സയ്ക്കായി ആശുപത്രികളിലെത്തുമ്പോൾ മരുന്നുകളെ പ്രതിരോധിച്ച ഉഗ്രശേഷിയുള്ള ഇത്തരം ബാക്ടീരിയകൾ ആളുകളിലേക്ക് പകർന്നേക്കാം. അതിസാരത്തിനും കുടൽ സംബന്ധമായ അസുഖങ്ങൾക്കും കാരണമാകുന്നു. ബ്രിട്ടനിലെ പല ആശുപത്രികളിലും ഈ ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തിയത് വലിയ വാർത്തയായിരുന്നു. വലിയ തോതിൽ ശുചിത്വം പാലിക്കുന്ന ആശുപത്രികളിൽ പോലും ഈ ബാക്ടീരിയ ഒട്ടേറെ മരണങ്ങൾക്ക് കാരണമായിട്ടുണ്ടെന്നാണ് റിപ്പോർട്ട്.

### 05 ക്ലബ്സിയെല്ല ന്യുമോണിയ (Klebsiella pneumoniae)

ശ്വാസകോശത്തിലെ അണുബാധ, ന്യുമോണിയ, മൂത്രനാളത്തിലെ അണുബാധ എന്നിവയ്ക്കു കാരണമാകുന്നതാണ് ഈ ബാക്ടീരിയ. ആൻറിബയോട്ടിക്കുകളെ പൂർണമായും പ്രതിരോധിക്കാൻ ഈ ബാക്ടീരിയയ്ക്ക് ശേഷിയുണ്ടെന്നാണ് കണ്ടെത്തൽ. പ്രതിരോധശേഷി കുറഞ്ഞ പ്രായം ചെന്നവരിലും മുതിർന്നവരിലുമാണ് ഏറ്റവും കൂടുതൽ ബാക്ടീരിയ പ്രശ്നമുണ്ടാക്കുക. ലോകത്തുടനീളം ഈ ബാക്ടീരിയ ഭീഷണിയായി നിൽക്കുന്നുണ്ട്.

### 06 ഇ-കോളി (Escherichia coli)

മനുഷ്യന്റെ ദഹനേന്ദ്രിയവ്യവസ്ഥയുടെ ഭാഗമായി അപകടകരമല്ലാത്ത തോതിൽ ഈ ബാക്ടീരിയയുടെ സാന്നിധ്യം സാധാരണയാണ്. എന്നാൽ, അപകടകാരികളായ ഇ-കോളി ബാക്ടീരിയ ഭക്ഷ്യവിഷബാധ, അതിസാരം, മൂത്രാശയത്തിലെ അണുബാധ, മെനിൻജൈറ്റിസ് എന്നിവയ്ക്ക് കാരണമാകുന്നു. ചില വർഗത്തിൽ പെട്ട ഇ-കോളി ബാക്ടീരിയകൾക്ക് ഉയർന്നതോതിൽ ആൻറിബയോട്ടിക്കുകളെ പ്രതിരോധിക്കാൻ ശേഷിയുണ്ട്.

### 07 അസിനെറ്റോബാക്ടർ ബൊമാനി (Acinetobacter baumannii)

ന്യുമോണിയ, മെനിൻജൈറ്റിസ്, മൂത്രനാളത്തിലെ അണുബാധ എന്നിവയ്ക്കു കാരണമാകുന്നു. അസിനെറ്റോബാക്ടർ ബാക്ടീരിയ ആൻറിബയോട്ടിക്കുകളെ പ്രതിരോധിക്കാൻ ശേഷിയാർജിച്ചതിനാൽ ഇവയെ പ്രതിരോധിക്കാൻ കൂടുതൽ തീവ്ര ശുചിത്വമാർഗങ്ങൾ സ്വീകരിക്കുകയാണ് ഡോക്ടർമാർ ചെയ്യുന്നത്.

### 08 മൈകോബാക്ടീരിയം ട്യൂബർകുലോസിസ് (Mycobacterium tuberculosis)

ക്ഷയത്തിന് കാരണമാകുന്നു. 1990-കളുടെ തുടക്കത്തിൽ തന്നെ ഈ ബാക്ടീരിയകൾ പല ആൻറിബയോട്ടിക്കുകളെയും പ്രതിരോധിക്കാൻ ശേഷി നേടിയിട്ടുണ്ട്.

### 09 നിസ്സീരിയ ഗൊണേറിയ (Neisseria gonorrhoeae)

ലൈംഗികബന്ധത്തിലൂടെ പകരുന്ന ഗോണേറിയയ്ക്ക് കാരണമാകുന്നു.

### 10 സ്ട്രെപ്റ്റോകോക്കസ് പയോജിൻസ് (Streptococcus pyogenes)

ചർമരോഗങ്ങൾ, തൊണ്ടവേദന, വിഷജ്വരം എന്നിവയ്ക്കു കാരണമാകുന്നു. ഇ-കോളി ബാക്ടീരിയയെപ്പോലെ 5-15 ശതമാനം വരെ മനുഷ്യശരീരത്തിൽ ഹാനികരമല്ലാതെ ഈ ബാക്ടീരിയ ശ്വാസകോശത്തിലും തൊണ്ടയിലുമൊക്കെ കാണപ്പെടാറുണ്ട്. എന്നാൽ, ഗുരുതരമായ തോതിലുള്ള ബാക്ടീരിയയുടെ സാന്നിധ്യം ഇതു ബാധിച്ച 25 ശതമാനം ആളുകളും മരിക്കുന്നതിനു കാരണമാകുന്നുണ്ട്. ഭൂരിഭാഗം ബാക്ടീരിയകളെയും പെനിസിലിൻ ഉപയോഗിച്ച് നശിപ്പിക്കാമെങ്കിലും ചില ബാക്ടീരിയ വർഗങ്ങൾ ഇതിനോട് പ്രതികരിക്കുന്നില്ലെന്നാണ് കണ്ടെത്തൽ. ആഗോളതലത്തിൽ 70 കോടി ആളുകളിൽ ഈ ബാക്ടീരിയ ബാധ കാണുന്നു.

(അവസാനിച്ചു)

## ആന്റിബയോട്ടിക്ക് നിയന്ത്രിക്കണം



നിലവിൽ ഒരു രോഗവുമായി പോയാൽ ആശുപത്രികളിൽനിന്ന് പല രോഗങ്ങളുമായി തിരിച്ചുവരേണ്ട അവസ്ഥയുണ്ട്. ആൻറിബയോട്ടിക് ഉപയോഗത്തിലെ നിയന്ത്രണത്തിലൂടെയേ ഈ സാഹചര്യം മറികടക്കാനാവൂ. ആൻറിബയോട്ടിക്കുകൾ പനിമരുന്നുകളല്ലെന്ന് ഓർമവേണം.

'ഡ്രഗ് ഹോളിഡേ' എല്ലായിപ്പോഴും സാധ്യമാകണമെന്നില്ല. ദീർഘകാലത്തേക്ക് ഒരു മരുന്ന് ഉപയോഗിക്കാതിരിക്കുമ്പോൾ പകരം ഉപയോഗിക്കാൻ മറ്റൊരു മരുന്നുണ്ടെങ്കിൽ ഡ്രഗ് ഹോളിഡേ വിജയിക്കും. എന്നാൽ, അത്യാവശ്യമരുന്നുകൾക്ക് ഇത്തരത്തിൽ ഹോളിഡേ പ്രഖ്യാപിക്കാനാവില്ല.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- ആൻറിബയോട്ടിക് ഉപയോഗം പരിമിതപ്പെടുത്തുക
- വ്യക്തിശുചിത്വം പാലിക്കുക
- ആശുപത്രിയിൽ രോഗികളുമായുള്ള ഇടപെടൽ കുറയ്ക്കുക
- ആശുപത്രിയിൽ പോയിവന്നശേഷം ശരീരം വൃത്തിയാക്കുക
- ബ്രോയിലർ ഇറച്ചിപോലുള്ളവ കഴിവതും ഉപേക്ഷിക്കുക
- മരുന്നുപയോഗത്തിൽ ആശുപത്രികൾക്ക് കൃത്യമായി പ്രോട്ടോക്കോൾ കൊണ്ടുവരിക
- ആൻറിബയോട്ടിക്കുകളുടെ അമിതഉപയോഗം ആശുപത്രികളും കുറയ്ക്കുക

-ഡോ. ബി. പദ്മകുമാർ
മെഡിസിൻ പ്രൊഫസർ, ആലപ്പുഴ മെഡിക്കൽ കോളേജ്


H
Qutu